**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിയോജക മണ്ഡല അടിസ്ഥാനത്തിൽ അനുവദിച്ച ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യക്തമാക്കുമോ; | (എ) | അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018-19 വർഷം മുതൽ ആരംഭിച്ചു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് പ്രവർത്തനം വിലയിരുത്തി മൂന്നാം വർഷം പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ (PMEGP) മാതൃകയിൽ നിശ്ചിത ധനസഹായം അനുവദിക്കുക എന്നതായിരുന്നു പദ്ധതി. സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് (സി.എം.ഡി.) നെയാണ് ഊർജ്ജ മിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം, നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതലപ്പെടുത്തിയിരിക്കുന്നത്. സംരംഭകൻ സാധാരണ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയാണെങ്കിൽ നിയോജകമണ്ഡലത്തിലെ നഗര പ്രദേശത്താണ് സേവന കേന്ദ്രം നടത്തുന്നതെങ്കിൽ അറുപതിനായിരം രൂപയും, ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയുമാണ് ധനസഹായം നൽകുന്നത്. സംരംഭകൻ എസ്.സി/ എസ്.ടി/ഒ.ബി.സി/ന്യൂനപക്ഷം/ വനിതകൾ/ വിമുക്തഭടന്മാർ/ഭിന്നശേഷിക്കാർഎന്നീ പ്രത്യേക വിഭാഗത്തിലാണ് ഉൾപ്പെടുന്നതെങ്കിൽ സേവന |

| | | | |
|---|---|---|---|
| | | | കേന്ദ്രം നഗര പ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയും, ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷത്തി നാൽപതിനായിരം രൂപയുമാണ് ധനസഹായം നൽകുന്നത്. അനെർട്ട് അംഗീകരിക്കുന്ന സർവ്വീസ് ചാർജ്ജ് നിരക്കിൽ ഊർജ്ജമിത്ര കേന്ദ്രങ്ങളെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പരിപാലനം, വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) എന്നിവയുടെ ചുമതലകൾ സ്റ്റോർ പർച്ചേസ് മാനുവൽ നിബന്ധനകൾ പാലിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. എനർജി മാനേജ്മെൻറ് സെൻ്റർ (ഇ.എം.സി.) സ്റ്റാർ റേറ്റിംഗ് ഉള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര കേന്ദ്രങ്ങളിലൂടെ നടത്തുന്നുണ്ട്. അനെർട്ട് നടപ്പിലാക്കുന്ന അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് അവയുടെ പരിപാലന ത്തിനായി ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം വിനിയോഗിച്ചു വരുന്നുണ്ട്. വാറണ്ടി കാലാവധി കഴിഞ്ഞ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറിങ്ങിനായി പൊതുജനങ്ങളും, വിവിധ സ്ഥാപനങ്ങളും ഈ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നുണ്ട്. അംഗീകൃത എം-പാനൽ ഏജൻസികൾ അവരുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, വാറണ്ടി കാലാവധിയിലുള്ള സർവ്വീസും, റിപ്പയറും ചെയ്യുന്നതിനും ചില ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ ടെക്നീഷ്യന്മാർക്ക് ആവശ്യമായ പരിശീലനം സംഘടിപ്പിച്ചുവരുന്നു. അനെർട്ട് ഈ കേന്ദ്രങ്ങളിലെ 307 ടെക്നീഷ്യന്മാർക്ക് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ അക്ഷയ ഊർജ്ജ സേവന ദാതാക്കളായി അനെർട്ട് സ്ഥാപിച്ച ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം, അവയെ ഊർജ്ജകാര്യക്ഷമമായ ഉത്പന്നങ്ങളുടെ വിതരണ കേന്ദ്രങ്ങൾ കൂടിയാക്കി മാറ്റുന്ന പദ്ധതി ഇ.എം.സി. ആവിഷ്കരിച്ചു. 140 ഊർജ്ജമിത്ര കേന്ദ്രങ്ങളോട് താത്പര്യ പത്രം ആവശ്യപ്പെട്ടതിൽ, ഇതുവരെ താല്പര്യം അറിയിച്ച 72 ഊർജ്ജമിത്ര കേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി ഊർജ്ജകാര്യക്ഷമ ഉത്പന്നങ്ങളുടെ വിതരണ പ്രവർത്തനം നടക്കുന്നുണ്ട്. ഇ.എം.സി എംപാനൽ ചെയ്ത ഊർജ്ജകാര്യക്ഷമ ഉത്പന്ന നിർമ്മാതാക്കളുടെ/ ഡീലർമാരുടെ ഊർജ്ജ കാര്യക്ഷമമായ ഉത്പന്നങ്ങൾ, മിതമായ നിരക്കിൽ ഊർജ്ജമിത്ര കേന്ദ്രങ്ങൾ വഴി സാധാരണക്കാർക്ക് ലഭിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) നെയാണ് ഊർജ്ജ മിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തനം തുടങ്ങി മൂന്ന് വർഷമായ ഊർജ്ജ മിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം സി.എം.ഡി യുടെയും, അനെർട്ടിന്റെയും ഉദ്യോഗസ്ഥർ നേരിട്ട് കേന്ദ്രങ്ങൾ സന്ദർശിച്ച് രണ്ട് തവണകളിലായി വിലയിരുത്തിയിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രങ്ങളുടെ വിലയിരുത്തൽ പ്രധാനമായും നടത്തിയിട്ടുള്ളത്. കേന്ദ്രങ്ങളിൽ അനെർട്ട് നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങളുടെയും, ഉപകരണങ്ങളുടെയും ലഭ്യത. സർവ്വീസ് കോളുകളുടെയും, നടത്തിയ സേവനങ്ങളുടെയും വിവരങ്ങൾ കൃത്യമായ രേഖപ്പെടുത്തൽ. ഊർജ്ജമിത്രയ്ക്ക് ലഭിച്ച സർവ്വീസ് ഓർഡറുകളുടെ എണ്ണം, അറ്റൻഡ് ചെയ്ത സർവ്വീസുകൾ, പ്രവൃത്തി പൂർത്തീകരിക്കാൻ എടുത്ത സമയം. ഊർജ്ജമിത്ര കേന്ദ്രവും ഉപഭോക്താക്കൾ, സ്ഥാപനങ്ങൾ, എം-പാനൽ ഏജൻസികൾ എന്നിവരുമായുള്ള സർവ്വീസ് ഉടമ്പടികളുടെ എണ്ണം. ഊർജ്ജമിത്രയുടെ പേരിലുള്ള പ്രത്യേക ബാങ്ക് അക്കൗണ്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്. വിവിധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചതിന്റെ വിവരങ്ങൾ. ടെക്നീഷ്യന്മാർ പങ്കെടുത്തിട്ടുള്ള പരിശീലന പരിപാടികളുടെ വിവരം. |
| (സി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം നിറവേറ്റാൻ ഊർജ്ജമിത്ര കേന്ദ്രങ്ങൾക്ക് കഴിയാതെ പോയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 140 ഊർജ്ജ മിത്ര കേന്ദ്രങ്ങളിൽ സി.എം.ഡി. നടത്തിയ അവസാന ഘട്ട പരിശോധനയിൽ 15 എണ്ണം ഒഴികെ 125 നിയോജകമണ്ഡലങ്ങളിലും നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ബഹുഭൂരിപക്ഷം കേന്ദ്രങ്ങളും ഊർജ്ജമിത്രയുടെ ലക്ഷ്യത്തിനനുസരിച്ചുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ മേഖലയിലെ പരിചയക്കുറവും, കോവിഡ് ലോക്ക്ഡൗൺ കാരണം ഉണ്ടായ സാമ്പത്തിക പ്രശ്നങ്ങളും കാരണം ചില കേന്ദ്രങ്ങൾക്ക് പദ്ധതിയുടെ ലക്ഷ്യത്തിനനുസരിച്ചുള്ള പ്രവർത്തനം നടത്തുവാൻ കഴിയാതെ പോയിട്ടുണ്ട്. പ്രവർത്തനം ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങളെ മികവുറ്റതായി മാറ്റുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ | (ഡി) | അക്ഷയ ഊർജ്ജ മേഖലയിൽ ആരംഭിച്ച ആദ്യ സംരംഭ പരിപാടി എന്ന നിലയിൽ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | വിശദാംശം നൽകാമോ? | | കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. അനെർട്ട് നടപ്പിലാക്കുന്ന വിവിധ അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം കൂടുതൽ വിനിയോഗിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ക്യാമ്പയിൻ പരിപാടി ഈ കേന്ദ്രങ്ങൾ മുഖേന സംഘടിപ്പിക്കുന്നതാണ്. അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥല പരിശോധന, ഉപകരണങ്ങളുടെ പരിപാലനം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് ഈ കേന്ദ്രങ്ങളുടെ സേവനം കൂടുതലായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഊർജ്ജമിത്ര കേന്ദ്രങ്ങളിലെ ടെക്നീഷ്യന്മാർക്ക് ആവശ്യമായ സാങ്കേതിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ